# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 433 — 03.03.2020 ൽ മറുപടിക്ക്.

## ജി.എസ്.ടി വരുമാനം

| | ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കോർപ്പറേറ്റ് നികുതി കുറച്ചതും ജി.എസ്.ടി വരുമാനം കുറഞ്ഞതും സംസ്ഥാനങ്ങളുടെ വരുമാനത്തെ ബാധിക്കുമെന്ന ആർ.ബി.ഐ റിപ്പോർട്ട് ധനവകുപ്പ് പരിശോധിച്ചിട്ടുണ്ടോയെന്ന റിയിക്കുമോ; | (എ) | A Study of State Budgets 2019-20 എന്ന RBI ഡോക്യുമെന്റിൽ ഇത്തരമൊരു പരാമർശമുണ്ട്. സംസ്ഥാന സർക്കാർ ഇത് സംബന്ധിച്ച് സ്ഥായിയായി സ്വീകരിച്ചുപോരുന്ന നിലപാടിനെ സാധൂകരിക്കുന്നതാണിത്. |
| (ബി) | ജി.എസ്.ടി റിട്ടേൺ സമർപ്പിക്കുന്ന തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ജി.എസ്.ടി സംബന്ധമായ പരാതികളും റിട്ടേൺ സമർപ്പിക്കുന്നതിലെ പ്രശ്നങ്ങളും പരിഹരിക്കുന്നതിന് ജി.എസ്.ടി കൗൺസിലിന്റെ തീരുമാന പ്രകാരം ജി.എസ്.ടി ഗ്രീവൻസ് റിഡ്രസ്സൽ മെക്കാനിസം നടപ്പിലാക്കിയിട്ടുണ്ട്. ഇതിൻ പ്രകാരം സംസ്ഥാനത്ത് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതിൽ വ്യാപാരി/വ്യവസായി പ്രതിനിധികളും പ്രാക്ടീഷനേഴ്സും കേന്ദ്ര സംസ്ഥാന നികുതി ഉദ്യോഗസ്ഥരും അംഗങ്ങളാണ്. |
| (സി) | ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഇൻവോയ്സുമായി ഒത്തുനോക്കുന്നതിന് സോഫ്റ്റ് വെയർ സംവിധാനം കൊണ്ടുവരുവാൻ ശ്രമിക്കുമോ; വ്യക്തമാക്കുമോ? | (സി) | ജി.എസ്.ടി കൗൺസിലിന്റെ അംഗീകാരത്തോട് കൂടി മാത്രമേ ജി.എസ്.ടി എൻ-ന് ഇക്കാര്യങ്ങൾ നടപ്പിലാക്കുവാൻ കഴിയുകയുള്ളൂ. മറ്റ് സംസ്ഥാനങ്ങളിലെ വ്യാപാരികളുടെ ഡാറ്റ ബേസ് സംസ്ഥാനത്തിന് ലഭ്യമല്ലാത്തതിനാൽ കേരളത്തിന് മാത്രമായി ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുവാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ